## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1122.** **30.11.2018 ൽ മറുപടിയ്ക്ക്**

## ബ്രൂവറികൾക്ക് അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ബ്രൂവറികൾ/ഡിസ്റ്റിലറികൾക്ക് അനുമതി നല്കിയശേഷം പ്രസ്തുത അനുമതി റദ്ദാക്കിയിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | മൂന്ന് ബ്രൂവറികൾക്കും, രണ്ട് കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകിയിരുന്നു.<br>ബ്രൂവറികൾ<br>1. അപ്പോളോ ഡിസ്റ്റലറീസ് & ബ്രൂവറീസ്, എലപ്പുള്ളി, പാലക്കാട്.<br>2. ശ്രീധരൻ ബ്രൂവറി, വാരം, കണ്ണൂർ.<br>3. പവർ ഇൻഫ്രാടെക് പ്രൈവറ്റ്, ലിമിറ്റഡ്, എറണാകുളം.<br>കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ<br>1. ശ്രീചക്രാഡിസ്റ്റലറീസ്, തൃശ്ശൂർ.<br>2. മലബാർ ഡിസ്റ്റലറീസ് ലിമിറ്റഡ്, ചിറ്റൂർ, പാലക്കാട്.<br>ഇവയുടെയെല്ലാം അനുമതി 09/10/2018 തീയതിയിലെ സ.ഉ(സാധാ) നം.744/2018/നി.വ. പ്രകാരം റദ്ദാക്കിയിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ പ്രഖ്യാപിതനയം മദ്യ വർജ്ജനമായിരിക്കെ, കൂടുതൽ ബ്രൂവറികൾ/ഡിസ്റ്റിലറികൾ | (ബി) | മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപഭോഗം ഇല്ലാതാക്കുക എന്നതാണ് ഈ സർക്കാരിന്റെ മദ്യനയം. ഈ ദിശയിൽ അതിശക്തമായ |

| | | | |
|---|---|---|---|
| | അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ബ്രുവറികളും ബ്ലെൻറിംഗ് യൂണിറ്റുകളും അനുവദിക്കുന്നത് നിലവിലുള്ള അബ്കാരി ആക്ടിലെയും 1967-ലെ ബ്രുവറി റൂളിലെയും 1975-ലെ ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ്) റൂളിലെയും നിബന്ധനകളും, മാനദണ്ഡങ്ങളും അനുസരിച്ചാണ്. മദ്യ ഉത്പാദന യൂണിറ്റുകൾ, സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനും കാലാനുസൃതമായി മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിനും 09/10/2018 തീയതിയിലെ സ.ഉ(സാധാ) നം. 744/18/നി.വ. നമ്പർ ഉത്തരവ് പ്രകാരം നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**